## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1628 | | 05.02.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| റീസൈക്കിൾ സൗകര്യം ഇല്ലാത്ത മാലിന്യങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ഒ. രാജഗോപാൽ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | നഗര മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | നഗരങ്ങളെ മാലിന്യ മുക്തമാക്കുന്നതിലേക്കായി മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഉറവിട മാലിന്യ സംസ്കരണ പദ്ധതി സംസ്ഥാനത്തെ നഗരസഭകളിലുടനീളം നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും ശുചിത്വമിഷനിൽ നിന്നും വിതരണം ചെയ്തുവരുന്നു. നഗരപ്രദേശങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വേസ്റ്റ്-റ്റു-എനർജി പ്ലാന്റുകൾ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ കൊച്ചി കോർപറേഷന്റെ നേതൃത്വത്തിൽ ബ്രഹ്മപുരത്തും സുൽത്താൻബത്തേരി നഗരസഭയിലും ആധുനിക ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക്കും കുപ്പിയും ഗ്ലാസ് കഷണങ്ങളും റീസൈക്കിൾ ചെയ്യുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; കുപ്പിയും ഗ്ലാസ് കഷണങ്ങളും റീസൈക്ലിംഗ് സൗകര്യം ഇല്ലാത്തതുമൂലം ശേഖരിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിലെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുവാൻ രൂപീകരിച്ചിട്ടുള്ള സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. ഹരിത കർമ്മസേനയുടെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള അജൈവ മാലിന്യ ശേഖരണം. ഇതു പ്രകാരം വീടുകളിൽ നിന്നും കടലാസും പ്ലാസ്റ്റിക് മാലിന്യവും മാസത്തിലൊരിക്കലും, പൊട്ടുന്ന ഗ്ലാസ്സുകൾ മൂന്ന് മാസത്തിലൊരിക്കലും |

| | | | |
|---|---|---|---|
| | | | ഹരിതകർമ്മസേന ശേഖരിക്കുന്നതാണ്. ഇപ്രകാരം ശേഖരിക്കപ്പെടുന്ന ഗ്ലാസ്(ചില്ല്) മാലിന്യവും, ബിയർ കുപ്പികൾ ഉൾപ്പടെയുള്ള ഗ്ലാസ് നിർമ്മിത കുപ്പികളും മറ്റും ശേഖരിക്കുന്നതിനും, സംഭരിക്കുന്നതിനും, ബിയർ കമ്പനിക്കും, സംസ്കരണശാലകൾക്കും കൈമാറുന്നതിനും ക്ലീൻ കേരള കമ്പനി ഏജൻസിയുമായി കരാർവച്ചിട്ടുണ്ട്. ഇതുപ്രകാരം പ്രസ്തുത മാലിന്യങ്ങളുടെ ശേഖരണം ആരംഭിച്ചിട്ടുണ്ട്. |
| (സി) | റോഡരികിലും ഒഴിഞ്ഞ സ്ഥലങ്ങളിലും ഉപേക്ഷിക്കുന്ന കുപ്പിയും ഗ്ലാസ് കഷണങ്ങളും വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നതിനാൽ ആയത് ശേഖരിക്കുവാനും റീസൈക്കിൾ ചെയ്യുവാനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | ഗ്ലാസ് മാലിന്യം റീസൈക്കിൾ ചെയ്യുന്നതിനുള്ള സൗകര്യം സംസ്ഥാനത്ത് ലഭ്യമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന ഗ്ലാസ് മാലിന്യം, ബിയർ കുപ്പികൾ എന്നിവ പുനഃചംക്രമണത്തിനും, പുനരുപയോഗത്തിനും ആയി ഏജൻസികൾക്ക് കൈമാറുകയാണ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ